പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 237

# 2020-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 22/01/2020

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 237

# 2020-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 237

# 2020-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

## 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് (2003-ലെ 27) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2020-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 2-ാം വകുപ്പും 7-ാം വകുപ്പ് (എ) ഖണ്ഡവും 2012 ഏപ്രിൽ 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വ്യവസ്ഥകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതുമാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക ) 2-ാം വകുപ്പിന്റെ (ആർ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എസ്) "അംഗത്വം പിൻവലിക്കൽ" എന്നാൽ ഫണ്ടിലെ ഒരംഗം ഫണ്ടിൽ അംഗമായി പുനഃപ്രവേശിക്കുന്നതിനുള്ള അർഹത നിലനിർത്തിക്കൊണ്ട്, എഴുതി സമർപ്പിച്ച അപേക്ഷ പ്രകാരം ഒരു നിശ്ചിത കാലയളവിലേയ്ക്ക് അംഗത്വം അവസാനിപ്പിക്കുക എന്നർത്ഥമാകുന്നു." .

3. 12-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 12-ാം വകുപ്പ്, 4-ാം ഉപവകുപ്പിൽ "സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി കമ്മിറ്റി നിയമിച്ച ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട്" എന്നീ വാക്കുകൾക്കുപകരം "കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെക്കൊണ്ട്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

36/2020.

4. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 14-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "പന്ത്രണ്ട് രൂപയുടെ മൂല്യമുള്ള " എന്നീ വാക്കുകൾക്കുപകരം "ഇരുപത് രൂപയുടെ മൂല്യമുള്ള " എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

5. 17-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 17-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ, "ആയിരത്തി ഇരുന്നൂറു രൂപ " എന്നീ വാക്കുകൾക്ക് പകരം "രണ്ടായിരം രൂപ" എന്നീ വാക്കുകളും "മൂന്ന് തുല്യഗഡുക്കളായി" എന്നീ വാക്കുകൾക്ക് പകരം "മുഴുവൻ തുകയും അറുന്നൂറ് രൂപയിൽ കുറയാത്ത മൂന്ന് ഗഡുക്കളായി" എന്നീ വാക്കുകളും ചേർക്കേണ്ടതാണ്.

6. 18-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 18-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(1) ഫണ്ടിലെ ഒരംഗത്തിന്, തൊഴിൽ അവസാനിക്കുമ്പോൾ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മാനദണ്ഡങ്ങൾക്കും നിരക്കിനും വിധേയമായി സഞ്ചിതതുകയും പെൻഷനും ഫണ്ടിൽ നിന്നും ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്." ;

(ബി) (7)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) തൊഴിൽ അവസാനിപ്പിച്ചശേഷം ഈ വകുപ്പിൻ കീഴിൽ അർഹമായ പെൻഷനും മറ്റാനുകൂല്യങ്ങളും കൈപ്പറ്റിയ ഒരംഗം അഡ്വക്കേറ്റ് ക്ലാർക്കായി തൊഴിൽ പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നപക്ഷം ഫണ്ടിൽ നിന്നും കൈപ്പറ്റിയ മുഴുവൻ തുകയും പന്ത്രണ്ട് ശതമാനം പലിശസഹിതം ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്." .

7. സാധൂകരണം.—പ്രധാന ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2012 ഏപ്രിൽ 30-ാം തീയതിയോ അതിനുശേഷമോ ഫണ്ടിലെ ഒരംഗത്തിന് പ്രധാന ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള പെൻഷൻ നിരസിച്ചുകൊണ്ടുള്ള ഏതൊരു നടപടിയും ഉത്തരവും അവ ഈ ആക്ട് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്ടിലെ വ്യവസ്ഥകൾക്കും അതിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും വിരുദ്ധമല്ലാത്തിടത്തോളം സാധുവായി എടുത്തതായോ പുറപ്പെടുവിച്ചതായോ കരുതപ്പെടേണ്ടതും അവ യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിൽ (2003- ലെ 27) 'അംഗത്വം പിൻവലിക്കൽ' എന്നത് നിർവ്വചിച്ചിട്ടില്ലാത്തതിനാൽ 'അംഗത്വം പിൻവലിക്കൽ' എന്ന പദപ്രയോഗത്തിന് നിർവ്വചനം നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

2. ആക്റ്റിലെ 12-ാം വകുപ്പ്, (4)-ാം ഉപവകുപ്പ് ക്ഷേമനിധി കമ്മിറ്റിയുടെ കണക്കുകൾ ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ആഡിറ്റ് ചെയ്യിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിയുടെ 2017-2018 മുതൽ, കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ കൊണ്ട് ആഡിറ്റ് ചെയ്യിക്കുന്നതിനായി ആക്റ്റിലെ 12-ാം വകുപ്പ് (4)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

3. അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ പെൻഷനും വിരമിക്കലാനുകൂല്യവും വർദ്ധിപ്പിക്കുന്നതിന് സാമ്പത്തിക സ്രോതസ്സിനുവേണ്ടി ക്ഷേമനിധിയിൽ ഓരോ അംഗവും അടയ്ക്കേണ്ട വാർഷികവരിസംഖ്യ 1200 രൂപയിൽ നിന്നും 2000 രൂപയായും കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പിന്റെ മൂല്യം 12 രൂപയിൽ നിന്നും 20 രൂപയായും വർദ്ധിപ്പിക്കുവാനും ആക്റ്റിലെ 14-ാം വകുപ്പിന് ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

4. തൊഴിൽ അവസാനിപ്പിച്ച് പെൻഷനും മറ്റാനുകൂല്യങ്ങളും കൈപ്പറ്റിയ ഒരംഗം അഡ്വക്കേറ്റ് ക്ലാർക്കായി തൊഴിൽ പുനരാരംഭിക്കുന്നതിന് പെൻഷനും മറ്റാനുകൂല്യങ്ങളും ഉൾപ്പെടെ ക്ഷേമനിധിയിൽ നിന്നും കൈപ്പറ്റിയ മുഴുവൻ തുകയും പന്ത്രണ്ട് ശതമാനം പലിശ സഹിതം ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണെന്ന വ്യവസ്ഥയും ആക്റ്റിൽ ഉൾപ്പെടുത്തുന്നതിന് ആക്റ്റിലെ 17-ാം വകുപ്പ് ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

5. ആക്റ്റിന്റെ 18-ാം വകുപ്പ് പ്രകാരം, അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധിയിലെ അംഗങ്ങൾക്ക് തൊഴിൽ അവസാനിക്കുമ്പോൾ, ഒരു അഡ്വക്കേറ്റ് ക്ലാർക്കായി അയാൾ തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ സഞ്ചിത തുകയും പെൻഷനും പ്രസ്തുത നിധിയിൽ നിന്നും ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങളിലെ ചട്ടം 11 എ പ്രകാരം, ക്ഷേമനിധിയിൽ എട്ട് വർഷത്തെ അംഗത്വം പൂർത്തിയായവർക്ക് മാത്രമേ പെൻഷൻ ലഭിക്കുവാൻ അർഹതയുള്ളൂ എന്ന വ്യവസ്ഥ നിലനിൽക്കത്തക്കതല്ല എന്ന ബഹു.കേരള ഹൈക്കോടതി W.P.(C)No.27706/11, W.A. No. 2275/15 എന്നീ കേസുകളിലെ

36/2020

യഥാക്രമം 10-7-2015, 7-12-2015 എന്നീ തീയതികളിലെ വിധിന്യായങ്ങളിൽ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. അപ്രകാരം ക്ഷേമനിധിയിൽ നിന്ന് വിരമിച്ച എല്ലാ അംഗങ്ങൾക്കും തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം കണക്കാക്കാതെ പെൻഷൻ നൽകേണ്ടതായുള്ള സാഹചര്യം നിലനിൽക്കുന്നതിനാൽ ക്ഷേമനിധി ബോർഡിന് വൻ സാമ്പത്തിക ബാധ്യത നേരിടേണ്ടിവരുന്നതാണ്. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 11 എ-ൽ വ്യവസ്ഥ ചെയ്ത പ്രകാരം അറുപതു വയസ്സ് പൂർത്തിയായിട്ടുള്ളതും എട്ടു വർഷത്തെ അംഗത്വം പൂർത്തിയാക്കിയതുമായ അംഗങ്ങൾക്കു മാത്രം പെൻഷൻ ലഭിക്കുന്നതിന് അർഹത ലഭിക്കത്തക്കവിധം പ്രസ്തുത ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതിക്ക്, 2012 ഏപ്രിൽ 30-ാം തീയതി മുതൽ നിയമസാധുത ലഭിക്കുന്നതിനായി ആക്റ്റിലെ 18-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

6. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല. കൂടാതെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ നിന്നും അധിക ചെലവ് വരുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 6-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 18-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, ഫണ്ടിലെ ഒരംഗത്തിന് തൊഴിലവസാനിക്കുമ്പോൾ ഫണ്ടിൽ നിന്നും സഞ്ചിത തുകയും പെൻഷനും നൽകേണ്ട മാനദണ്ഡങ്ങളും നിരക്കും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ഏതു കാര്യം സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയുമാണ്. കൂടാതെ, ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്കു വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എ. കെ. ബാലൻ.

## 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിൽ (2003-ലെ 27-ാം ആക്റ്റ്) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "അഭിഭാഷകൻ" എന്നാൽ 1961-ലെ അഭിഭാഷക ആക്റ്റ് (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) 17-ാം വകുപ്പ് പ്രകാരം കേരള ബാർ കൗൺസിൽ തയ്യാറാക്കിയതും വച്ചുപോരുന്നതുമായ അഭിഭാഷകരുടെ സംസ്ഥാന പട്ടികയിൽ പേര് ചേർത്തിട്ടുള്ളതും അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളതും ഒരു ബാർ അസോസിയേഷനിലെ അംഗമോ അംഗം അല്ലാത്തതോ ആയ ആൾ എന്നർത്ഥമാകുന്നു;

** ** ** **

(ആർ) "വക്കാലത്ത് " എന്നാൽ ഏതെങ്കിലും കോടതിയുടേയോ ട്രൈബ്യൂണലിന്റെയോ അധികാരസ്ഥാനത്തിന്റെയോ മുൻപാകെ ഹാജരാകുന്നതിനോ വാദിക്കുന്നതിനോ ഒരു അഡ്വക്കേറ്റിനെ അധികാരപ്പെടുത്തുന്ന വക്കാലത്തുനാമയോ മെമ്മോറാണ്ടം ഓഫ് അപ്പിയറൻസോ മറ്റേതെങ്കിലും രേഖയോ എന്നർത്ഥമാകുന്നു.

** ** ** **

12. ഫണ്ടുകൾ കടം വാങ്ങലും നിക്ഷേപിക്കലും.—(1) കമ്മിറ്റിക്ക് ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഏത് സംഖ്യയും സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അതാത് സമയങ്ങളിൽ കടം വാങ്ങാവുന്നതാണ്.

** ** ** **

(4) കമ്മിറ്റിയുടെ കണക്കുകൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി കമ്മിറ്റി നിയമിച്ച ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് വർഷംതോറും ആഡിറ്റ് ചെയ്യിക്കേണ്ടതാണ്.

** ** ** **

14. കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പ്.— (1) കമ്മിറ്റി, പന്ത്രണ്ട് രൂപയുടെ മൂല്യമുള്ള, നിർണ്ണയിക്കപ്പെടാവുന്ന അത്തരം രൂപത്തിലും അത്തരം രീതിയിലുമുള്ളതും "കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പ് " എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ, സ്റ്റാമ്പുകൾ സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കേണ്ടതാണ്.

** ** ** **

17. <u>ഫണ്ടിലെ അംഗത്വം.</u>—(1) സംസ്ഥാനത്തെ ഓരോ അഡ്വക്കേറ്റ് ക്ലാർക്കും ഫണ്ടിലെ അംഗമായി പ്രവേശിക്കുന്നതിന് നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള ഫാറത്തിലും രീതിയിലും കമ്മിറ്റിയോട് അപേക്ഷിക്കാവുന്നതാണ്;

എന്നാൽ കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റെയോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന്റെയോ, സർവ്വീസിൽ നിന്ന് റിട്ടയർമെന്റ് ആനുകൂല്യങ്ങളോടു കൂടി വിരമിച്ചശേഷം അഡ്വക്കേറ്റ് ക്ലാർക്കായി ഉദ്യോഗം വഹിക്കുന്ന യാതൊരാൾക്കും, ഈ ഫണ്ടിൽ അംഗത്വത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

** ** ** **

(5) ഓരോ അംഗവും ഫണ്ടിലേയ്ക്ക് വാർഷിക വരിസംഖ്യയായി ആയിരത്തി ഇരുന്നൂറു രൂപ നൽകേണ്ടതും ആയത് മൊത്തമായി നൽകുന്ന പക്ഷം എല്ലാ വർഷവും ജൂൺ 30-ാം തീയതിയിലോ അതിന് മുൻപോ നൽകേണ്ടതും അല്ലാത്തപക്ഷം മൂന്ന് തുല്യഗഡുക്കളായി ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31 എന്നീ തീയതികളിലോ അതിന് മുൻപോ നൽകേണ്ടതുമാണ്;

എന്നാൽ, മേൽപ്പറഞ്ഞപ്രകാരം മൊത്തമായോ ഗഡുക്കളായോ നിശ്ചിത സമയത്തിനകം വരിസംഖ്യ അടയ്ക്കുന്നതിന് വീഴ്ചവരുത്തുന്ന അംഗങ്ങൾ അപ്രകാരം വീഴ്ച വരുത്തിയ കുടിശ്ശിക തുക പന്ത്രണ്ട് ശതമാനം പലിശ സഹിതം ഡിസംബർ 31-ാം തീയതിയിലോ അതിനുമുൻപായോ അടയ്ക്കേണ്ടതാണ്.

** ** ** **

18. <u>തൊഴിൽ അവസാനിക്കുമ്പോൾ ഫണ്ടിൽ നിന്നും പണം കൊടുക്കൽ.</u>—(1) ഫണ്ടിലെ ഒരംഗത്തിന്, തൊഴിൽ അവസാനിക്കുമ്പോൾ, ഒരു അഡ്വക്കേറ്റ് ക്ലാർക്കായി അയാൾ തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ സഞ്ചിത തുകയും പെൻഷനും ഫണ്ടിൽ നിന്നും കിട്ടാൻ അർഹതയുണ്ടായിരിക്കുന്നതാണ്;

** ** ** **

(7) അംഗത്വം അവസാനിപ്പിച്ച് പെൻഷനും മറ്റാനുകൂല്യങ്ങളും കൈപ്പറ്റിയ ഒരംഗത്തിന് ഫണ്ടിലേയ്ക്ക് പുന:പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

** ** ** **

---